# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ക്രിസ്തീയജീവിതത്തിൽ പീഡനങ്ങളുണ്ടാകും:പാപ്പ



ക്രൈസ്തവ ജീവിതത്തിന്റെ ഭാഗമായി പീഡനങ്ങളുമുണ്ടാകുമെന്ന് ഫ്രാൻസിസ് പാപ്പ. അർമേനിയൻ കത്തോലിക്കാ പാത്രിയാർക്കീസായി തിരഞ്ഞെടുക്കപ്പെട്ട ഗ്രിഗറി പീറ്റർ ഗബ്രോയാൻ ഇരുപതാമനൊപ്പം ദിവ്യബ്ബലിയർപ്പിച്ചു നടത്തിയ പ്രസംഗത്തിലാണ് പാപ്പയുടെ പരാമർശം.
യേശുവിനെ യഥാർത്ഥത്തിൽ പിന്തുടരുന്ന ക്രൈസ്തവർക്ക് പീഡനങ്ങൾ ഉണ്ടാകാതിരിക്കില്ല. പീഡനങ്ങളില്ലാത്ത ക്രിസ്തീയത ഇല്ല. അവസാനത്തെ സുവിശേഷഭാഗ്യത്തെക്കുറിച്ച് ചിന്തിക്കുക. നിന്നെ നിന്ദിക്കുന്നതിനും പീഡിപ്പിക്കുന്നതിനുമായി സിനഗോഗിലേക്ക് കൊണ്ടുവരുന്നതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇതാണ് ക്രസ്ത്യാനിയുടെ വിധി.
ഇന്നും ഇത് ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇത് തടയാൻ ശക്തിയുള്ള നിരവധി നേതാക്കളുടെ സാന്നിധ്യത്തിലാണ് ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ക്രൈസ്തവന്റെ വിധി നമ്മളും നേരിടുന്നു. യേശുവിന്റെ അതേ പാതയിലൂടെ മുമ്പോട്ട് പോവുക പാപ്പ ആഹ്വാനം ചെയതു.
യേശുവിനോട് ജനങ്ങൾ ചെയ്ത അതേ കാര്യങ്ങൾ ചരിത്രത്തിലൂടെ അവന്റെ ശരീരമാകുന്ന സഭയോടും പ്രവൃത്തിച്ചെന്നു അർമേനിയയിലുണ്ടായ പീഡനങ്ങളെ ഉദ്ധരിച്ച് പാപ്പ പറഞ്ഞു.
അർമേനിയൻ പാത്രിയാർക്കീസിനോടും ബിഷപ്പുമാരുമൊത്ത് അർപ്പിച്ച ആദ്യബലിയിൽ പീഡനങ്ങളേറ്റ് ക്രൈസ്തവസാക്ഷ്യം നൽകി മരണമടഞ്ഞ എല്ലാ അർമേനിയൻ പുണ്യാത്മാക്കളെയും പാപ്പ അനുസ്മരിച്ചു. ക്രിസ്തുവിൽ പ്രകാശിതമായ യേശുവിന്റെ രഹസ്യത്തെക്കുറിച്ച് പൂർണ്ണമായ അറിവ് കർത്താവ് പ്രദാനം ചെയ്യട്ടെയെന്ന് പാപ്പ ആശംസിച്ചു.
ദേഷ്യത്തിൽ നിന്നുളവാകുന്ന പ്രവൃത്തികളുടെ കുരിശ് വഹിച്ചവനാണ് യേശു. തിന്മയുടെ പിതാവാണ് പീഡകരിൽ ആ ദേഷ്യം ഇളക്കി വിടുന്നത്. യേശുവിന്റെ ശരീരമാകുന്ന സഭയിലൂടെ രക്തസാക്ഷികളോടുള്ള സ്നേഹവും രക്തസാക്ഷിത്വത്തിനുള്ള ദൈവവിളിയും നമുക്ക് അനുഭവവേദ്യമാകണം. ഇവിടെ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്ക് അറിഞ്ഞുകൂടാ.
ഒരു ദിവസം ഇവിടെ പീഡനങ്ങൾ ഉണ്ടായാൽ ക്രൈസ്തവ രക്തസാക്ഷികൾ കാണിച്ച ധൈര്യവും സാക്ഷ്യവും പുലർത്തുന്നതിനുള്ള കൃപ കർത്താവ് നമുക്ക് നൽകട്ടെ എന്നു പാപ്പ പ്രാർത്ഥിച്ചു.